നം. NEP.3/48432/2012/ഡി.പി.ഐ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെകാര്യാലയം
തിരുവനന്തപുരം

തീയതി : 30.4.2013

## സർക്കുലർ

വിഷയം:- **പൊതുവിദ്യാഭ്യാസം - യു.ഐ.ഡി അധിഷ്ഠിത പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതു സംബന്ധിച്ച മാർഗനിർദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- 13.09.2012-ലെ ഓഫീസ് സർക്കുലർ നം. NEP-3/48432/2012

അധ്യാപക പാക്കേജ് ഫലപ്രദമായി നടപ്പിലാക്കൽ, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്, ഗ്രാന്റ്, സർട്ടിഫിക്കറ്റ് തുടങ്ങിയവയുടെ വിതരണം, വിവിധ മത്സരങ്ങളും മേളകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, സ്കൂളുകളിലെ ജീവനക്കാരുടെ എണ്ണം നിർണയിക്കൽ തുടങ്ങിയവ യു.ഐ.ഡി അധിഷ്ഠിതമായി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ്. സ്കൂൾ കുട്ടികൾക്ക് യു.ഐ.ഡി ലഭ്യമാക്കുന്ന പദ്ധതി പൂർത്തിയാക്കുന്നതിന് സൂചനപ്രകാരം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. വിദ്യാർത്ഥികളുടെ യു.ഐ.ഡി വിശദാംശങ്ങൾ ഓൺലൈനിൽ ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനം www.education.kerala.gov.in ~~www.education.gov.in~~, www.itschool.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. അധ്യാപക പാക്കേജ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2012-13 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ 2013 മെയ് 20-നകം നടത്താൻ ഉദ്ദേശിക്കുന്നു. കുട്ടികളുടെ യു.ഐ.ഡി അടിസ്ഥാനമാക്കിയാണ് ഈ വർഷം മുതൽ തസ്തിക നിർണ്ണയം നടത്തുന്നത്. അധ്യാപക പാക്കേജ്, സ്കൂളുകളിലെ തസ്തിക നിർണയം എന്നിവ നടപ്പാക്കുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു;

1. സ്കൂളിലെ എല്ലാ കുട്ടികളുടെയും യു.ഐ.ഡി എൻറോൾമെന്റ് വിശദാംശങ്ങൾ (UID Enrolment Status) ഓൺലൈൻ സംവിധാനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അതത് സ്കൂൾ ഹെഡ്മാസ്റ്റർ ഉറപ്പുവരുത്തേണ്ടതും ബന്ധപ്പെട്ട എ.ഇ.ഒ/ഡി.ഇ.ഒ പരിശോധിക്കേണ്ടതുമാണ്.
2. വിദ്യാലയങ്ങൾ വെബ്സൈറ്റിലൂടെ രേഖപ്പെടുത്തിയ വിവരങ്ങൾ 2013 ഏപ്രിൽ 30 മുതൽ ഒരിക്കൽ കൂടി പരിശോധിച്ച് തിരുത്തലുകൾ ആവശ്യമെങ്കിൽ വരുത്തേണ്ടതാണ്. വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതിനുള്ള വെബ്സൈറ്റിൽ (www.itschool.gov.in.~~/sf2012~~) ഓരോ വിദ്യാലയവും login ചെയ്ത് 2012-13 വർഷം പഠിച്ചിരുന്ന വിദ്യാർഥികളെ സംബന്ധിക്കുന്ന വിവരങ്ങൾ പരിശോധിക്കേണ്ടതാണ്. ഓരോ ക്ലാസ്സിലെയും കുട്ടികളുടെ പേരുവിവരം ഡിവിഷൻ തിരിച്ച് വെബ്സൈറ്റിൽ ലഭ്യമാണ്. കുട്ടികളുടെ അഡ്മിഷൻ നമ്പർ, പേര്, UID/EID എന്നിവയ്ക്കൊപ്പം ഓരോ കുട്ടിയും പഠിക്കുന്ന ഭാഷകൾ , ബോധനമാധ്യമം (Medium of instruction) തുടങ്ങിയവയും രേഖപ്പെടുത്തേണ്ടതാണ്. ഒന്നാം തരം മുതൽ നാലാം തരം വരെയുള്ള കുട്ടികൾ Additional Arabic പഠിക്കുന്നുണ്ടെങ്കിൽ പ്രസ്തുത വിവരവും അവരുടെ മതവും രേഖപ്പെടുത്തേണ്ടതാണ്.
3. യു.ഐ.ഡി ലഭിക്കാത്ത വിദ്യാർഥികളുടെ പേരുവിവരവും സൈറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്. 2012-13 വർഷം സ്കൂളുകളിൽ പഠിച്ചിരുന്ന വിദ്യാർത്ഥികളുടെ എണ്ണവും വിശദാംശവും വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. UID Authority of India-ൽ നിന്ന് ഓരോ സ്കൂൾ കുട്ടിയുടെയും ഇ.ഐ.ഡിക്ക് തത്തുല്യമായി ലഭിച്ച യു.ഐ.ഡി വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് അതത് സ്കൂൾ ഹെഡ്മാസ്റ്റർമാർ പരിശോധിച്ച് യഥാർത്ഥ കുട്ടിയുടെ യു.ഐ.ഡി ആണെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. UID/EID ലഭിക്കാത്ത കുട്ടികൾ സ്കൂളിൽ പഠിക്കുന്നുണ്ടെങ്കിൽ ആ കുട്ടികൾ പ്രസ്തുത സ്കൂളിൽ യഥാർത്ഥത്തിൽ പഠിക്കുന്നവരാണെന്ന് പ്രധാനാധ്യാപകൻ സത്യവാങ്മൂലം നൽകേണ്ടതാണ്.
4. യു.ഐ.ഡി ലഭിച്ച കുട്ടികളുടെ എണ്ണത്തിനനുസരിച്ച് 2012-13-ലെ സ്റ്റാഫ് ഫിക്സേഷൻ നടത്തുന്നതിനാൽ സ്കൂളുകളിൽ നിന്ന് ഓൺലൈനിൽ ഉൾപ്പെടുത്തുന്ന

കുട്ടികളുടെ എണ്ണത്തിന്റെ പൂർണ ഉത്തരവാദി അതത് സ്കൂൾ ഹെഡ്മാസ്റ്റർമാർ ആയിരിക്കും.

5. ഓരോ വിദ്യാർഥിയേയും സംബന്ധിക്കുന്ന, ലഭ്യമായ വിവരങ്ങൾ ഓൺലൈനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വിവരം ശ്രദ്ധാപൂർവ്വം പരിശോധിച്ച് ആവശ്യപ്പെട്ടിട്ടുള്ള അധിക വിവരം കൂട്ടിച്ചേർത്ത് ഓരോ കുട്ടിയുടെയും പേരിനു നേരെയുള്ള check box ൽ ടിക് മാർക്ക് രേഖപ്പെടുത്തേണ്ടതാണ്. ഓരോ ക്ലാസ് ഡിവിഷനിലെയും എല്ലാ കുട്ടികളും ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. സ്കൂൾതലത്തിൽ പരിശോധന നടത്തി ഉറപ്പുവരുത്തുന്ന ക്ലാസ് ഡിവിഷനുകളിലേക്ക് വിവരം പുതുതായി ഉൾപ്പെടുത്തുന്നതിനോ കൂട്ടിച്ചേർക്കുന്നതിനോ സൗകര്യം ഉണ്ടായിരിക്കുന്നതല്ല. ഓരോ സ്കൂളിലെയും മുഴുവൻ കുട്ടികളുടെയും ക്ലാസ് ഡിവിഷൻ അടിസ്ഥാനത്തിൽ റിപ്പോർട്ട് പ്രിന്റെടുത്ത് ഹെഡ്മാസ്റ്റർ ഒപ്പിട്ട് അബ്സ്ട്രാക്റ്റിനൊപ്പം 2013 മെയ് 10-നകം ബന്ധപ്പെട്ട AEO/DEO യ്ക്ക് സമർപ്പിക്കേണ്ടതാണ് (ഓൺലൈനിൽ വിവരം ഉൾപ്പെടുത്തുന്നതു സംബന്ധിച്ച നിർദ്ദേശം വെബ്സൈറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്).

6. എ.ഇ.ഒ/ഡി.ഇ.ഒ അവരവരുടെ അധികാരപരിധിയിലെ എല്ലാ വിദ്യാലയങ്ങളിൽ നിന്നും റിപ്പോർട്ട് ലഭിച്ചു എന്ന് ഉറപ്പുവരുത്തി 2013 മെയ് 13-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി വെബ്സൈറ്റിൽ data confirm ചെയ്യേണ്ടതാണ്. 13.05.2013 വരെ, AEO/DEO-മാർക്ക് പ്രധാനാധ്യാപകർ ആവശ്യപ്പെടുന്ന പക്ഷം, സ്കൂളുകളുടെ confirmation reset ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടായിരിക്കും.

7. യു.ഐ.ഡി സൈറ്റിലൂടെ വിദ്യാലയങ്ങൾ ലഭ്യമാക്കുന്ന വിവരങ്ങൾ SAMPOORNA-യിൽ ഉൾപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ ഐടി@സ്കൂൾ ചെയ്യേണ്ടതാണ്. 2013-14 വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ ആറാം പ്രവർത്തി ദിവസത്തെ SAMPOORNA-യിലെ യു.ഐ.ഡി ലഭിച്ച കുട്ടികളുടെ എണ്ണത്തിനനുസരിച്ചായിരിക്കും.

8. 2013-14 വർഷത്തെ അഡ്മിഷൻ, ട്രാൻസ്ഫർ സർട്ടിഫിക്കറ്റ്, പ്രൊമോഷൻ തുടങ്ങിയവ SAMPOORNA-യിലൂടെയാണ് നടത്തേണ്ടത്. ഇതിനാവശ്യമായ പരിശീലനം 2013 മെയ് മാസത്തിൽ തന്നെ ഐടി@സ്കൂൾ നൽകേണ്ടതാണ്.

9. വിവിധ മത്സരങ്ങൾ, സ്കോളർഷിപ്പുകൾ, എസ്.എസ്.എൽ.സി എ ലിസ്റ്റ് എന്നിവക്കുള്ള ഡേറ്റ ഈവർഷം മുതൽ നിർബന്ധമായും SAMPOORNA-യിലൂടെയാണ് തയ്യാറാക്കേണ്ടത്.

10. 2013-14 അധ്യയനവർഷം മുതൽ പുതുതായി സർക്കാർ, എയിഡഡ് സ്കൂളുകളിൽ ചേരുന്ന വിദ്യാർത്ഥികൾ ആധാർ എൻറോൾമെന്റ് നടത്തിയിട്ടുണ്ടെന്ന് സ്കൂൾ ഹെഡ്മാസ്റ്റർമാർ ഉറപ്പുവരുത്തേണ്ടതും പ്രസ്തുത കുട്ടികളുടെ യു.ഐ.ഡി ഉൾപ്പെടെയുള്ള വിവരങ്ങൾ സമ്പൂർണയിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

11. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള വിവിധ പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഡേറ്റ സമ്പൂർണ്ണയിൽ നിന്ന് ലഭ്യമാക്കുന്നതിനും യു.ഐ.ഡി അധിഷ്ഠിത പ്രവർത്തനങ്ങൾ വിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കുന്നതിനും ആവശ്യമായ സാങ്കേതിക സഹായം ഐടി @ സ്കൂൾ ക്രമീകരിക്കേണ്ടതാണ്.

**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

SARALAMMA
Additional Director of Public Instruction (Academic)
Directorate of Public Instruction
Thiruvananthapuram-14

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ പ്രോജക്ട്
എല്ലാ ഡി.ഡി.ഇ/ഡി.ഇ.ഒ/എ.ഇ.ഒ-മാർക്കും
എല്ലാ സ്കൂൾ പ്രഥമാധ്യാപകർക്കും (ഡി.ഇ.ഒ/എ.ഇ.ഒ മുഖേന)
സ്റ്റോക്ക് ഫയൽ